12

# മറ്റു ചിന്തകൾ, 2

**കരുതൽ**

ചുരുങ്ങിയതു "തിരുവെഴുത്തിൻപ്രകാരമുള്ള" രു വാക്കുകൾ തിരുവെഴുത്തിൽ കാണുന്നില്ല: "ത്രിത്വം" എന്നതും "കരുതൽ" എന്നതും. ദൈവം "ദൈവികത്വം" ആണ്. തിരുവെഴുത്തിൽ ഒരുപ്രാവശ്യം പോലും എഴുതപ്പെട്ടിട്ടില്ലെങ്കിലും, "കരുതൽ" എന്ന വാക്ക് ഓരോ പേജിലും വെളിപ്പെടുത്തിയിട്ടു ് (ഫിലിപ്പിയർ 2:13, 27; 2 കൊരിന്ത്യർ 3:5; 1 തെസലൊനിക്യർ 3:11; 1 കൊരിന്ത്യർ 10:11–13). യാക്കോബ് പറഞ്ഞു, "യഹോവ ഈ സ്ഥലത്ത് ഉ് സത്യം, ഞാൻ അത് അറിഞ്ഞില്ല" (ഉല്പത്തി 28:16). യോസേഫ് വെളിപ്പെടുത്തി, "നിങ്ങൾ എന്റെ നേരെ, ദോഷം വിചാരിച്ചു, എന്നാൽ ദൈവം അതിനെ ഗുണമാക്കിതീർത്തു" (ഉല്പത്തി 50:20). മോർദ്ദേഖായി എസ്ഥേരിനോടു ചോദിച്ചു, "ഇങ്ങനെയുള്ളോരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നത് എന്ന് ആർക്ക് അറിയാം?" (എസ്ഥേർ 4:14). ഒരു കുരികിൽ വീഴുന്നതു പോലും ദൈവം അറിയുന്നു എന്നു യേശു പറയുകയുായി (മത്തായി 10:29–31); നമ്മുടെ തലയിലെ മുടി പോലും എണ്ണപ്പെട്ടിരിക്കുന്നു. "ജാതികൾ തുലാക്കൊട്ടയിലെ ഒരു തുള്ളിപോലെയാണ്" (യെശയ്യാവ് 40:15). കരുതലിനെകുറിച്ചുള്ള പഠനം നമ്മുടെ മനസിനെ വിപുലമാക്കുകയും ഹൃദയത്തെ ഊഷ്മളമാക്കുകയും ചെയ്യും.

ദൈവം നല്ലവനാണ്. അവൻ നല്കുന്നു. സാത്താൻ ജീവിച്ചിരുന്ന് പ്രവർത്തിക്കുന്നു്, എന്നാൽ ദൈവം "മീൻ പിടിക്കുവാൻ" പോയി ട്ടില്ല. അവനും, നമ്മുടെ ജീവിതത്തിൽ, പ്രവർത്തിക്കുന്നു്. ക്രിസ്ത്യാനിത്വം ഡീയിസം എന്നത് (ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ സാധ്യമല്ല എന്ന വാദം) അല്ല. പല ക്രിസ്ത്യാനികളും ജീവിക്കുന്നതു ദൈവം വാസ്തവത്തിൽ മരിച്ചു എന്നതുപോലെയാണ്, എന്നിട്ടും ഞായറാഴ്ച്ച അവർ ദൈവസഹായത്തിനായി പ്രാർ ത്ഥിക്കുന്നു.

തങ്ങൾ ദൈവത്തോട് അപേക്ഷിക്കുന്നത് അവർ ആഗ്രഹിച്ച രീതിയിൽ സാധിച്ചുകൊടുത്തുകൊ് ദൈവം മറുപടി നല്കുന്നതുമാത്രമാണ് കരുതൽ എന്നു വിചാരിക്കുന്നവർ ധാരാളം ഉ്. യോസേഫ്, ഒരുപക്ഷെ, അവനെ സ്വന്ത സഹോദരന്മാർ മിസ്രയീം കച്ചവടക്കാർക്ക് വിറ്റപ്പോഴും നിരപരാധിയായി തടവിലടക്കപ്പെട്ടപ്പോഴും ആ സമയത്ത് കരുതലിനെ കുറിച്ചു വിചാരിച്ചില്ല! താൻ സ്നേഹിക്കുന്നവരെ ദൈവം ശിക്ഷിക്കുന്നു (എബ്രായർ 12:5–11). പ്രശ്നങ്ങളിൽ നിന്നകന്നു, നിത്യമായി ആത്മിയതയിൽ ഉയർന്ന ഒരാളെ സൂക്ഷിക്കുക. കരുതൽ നമുക്ക് ദൂരെ നിന്നു മാത്രമെ കാണുവാൻ കഴിയുകയുള്ളൂ. അനുഗ്രഹങ്ങൾ വരുമ്പോൾ, എല്ലാ ബഹുമതിയും, പുകഴ്ച്ചയും, നന്ദിയും ദൈവത്തിനു നൽകുക.

"അവന്റെ അത്ഭുതങ്ങൾ നടത്തുവാൻ, ദൈവം രഹസ്യവഴിയിലാണ് നീങ്ങുന്നത്."[1] തിരുവെഴുത്തിലെ 667 അപേക്ഷകളിൽ, 654 എണ്ണത്തിന് പ്രത്യേകമായി മറുപടി ലഭിച്ചിട്ടു്. പ്രാർത്ഥനയും കരുതലും വേർപെടുത്തുവാൻ പറ്റാത്തവയാണ്. ഉടനെ കാണുവാൻ സാധ്യമല്ലാത്ത ഒന്നാണ് കരുതൽ. ഭാവി

(വർത്തമാനവും) ശക്തിയാൽ മറഞ്ഞി രിക്കുന്നതാണ്. പ്രത്യേകമായ കാര്യം സംഭവിക്കുന്നതുവരെ, ഏതാ് എന്തും സംഭവിക്കുവാൻ സാധ്യതയു്! ചിലർ പറയും, "വരുന്നത് എന്തായാലും വരും, അല്ലെങ്കിൽ അത് മറ്റൊരു തരത്തിലാകും." അത് മറ്റൊരുവിധത്തിലല്ല എന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം? ഇക്കാലത്ത് ചെറുതും ആകർഷണീയവുമായ ഒരു പ്രസ്താവന പറഞ്ഞു കേൾക്കാം: "സുപ്രഭാതം. ഇത് ദൈവമാണ്. ഇന്ന് നിങ്ങളുടെ എല്ലാ പ്രശ്നങ്ങളെയും ഞാൻ തീർത്തുതരും .... എനിക്ക് നിന്റെ സഹായം ആവശ്യമില്ല. മഹത്തായ ഒരു ദിവസം ആശംസിക്കുന്നു." ആ പ്രസ്താവനയെ അപകടകരമാക്കുവാൻ മതിയായ സത്യം അതിലടങ്ങിയിട്ടു്. ദൈവം പ്രവർത്തിച്ചുകൊിരിക്കുന്നു. അവനു (ഞാനും) എന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയും. നാം ദൈവത്തോടുകൂടെയുള്ള ജോലിക്കാരാകണം! നാം നമ്മുടെ ഭാരം ചുമക്കണം (ഗലാത്യർ 6:5). ദൈവത്തെ കൂടാതെ, നമുക്കൊന്നും സാധ്യമല്ല; നമ്മെ കൂടാതെ, ദൈവം പ്രവർത്തിക്കുകയുമില്ല. നാം ഒഴിവുകാലത്തിലല്ല. കുഴപ്പങ്ങൾ നിറഞ്ഞ ലോകത്തിൽ നാം ദൈവത്തോടുകൂടെ പ്രവർത്തിക്കുന്നു. നമ്മെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിച്ചുനിർത്തുന്നതല്ല കരുതൽ. "എല്ലാം ദൈവത്തിൽ ഭരമേൽപിക്കുന്ന" ഒന്നല്ല അത്. നാം ദൈവത്തെ കൂടുതൽ തൃപ്തിപ്പെടുത്തുമ്പോൾ നമ്മിൽ കൂടുതലായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. തന്നത്താൻ ദൈവത്തിന് കൊടുക്കുന്നവന് ദൈവത്തെ സ്വന്തമായി ലഭിക്കുന്നു.

**ഉപവാസം**

യേശു പഠിപ്പിച്ച ര ു കാര്യങ്ങളാണ് "ഉപവാസവും" "വിരുന്നും." അവൻ ഉപവസിച്ചിരുന്നു. അവൻ പറഞ്ഞു, "നിങ്ങൾ ഉപവസിക്കുമ്പോൾ ...." (മത്തായി 6:16) ബൈബിളിലെ പല നായകന്മാരും ഉപവസിച്ചിട്ടു്. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ചിലത് പുറപ്പെട്ടുപോകയില്ല എന്ന് യേശു പറഞ്ഞിട്ടു് (മത്തായി 17:21). പ്രാരംഭ സഭ ഉപവസിച്ചിരുന്നു (പ്രവൃത്തികൾ 13:1-3; 14:23). ഉപവാസം ദൈവത്തെ-കേന്ദ്രീകരിച്ചുള്ളതാണ്. നമുക്ക് ദൈവത്തിലുള്ള ബോധം മങ്ങുമ്പോൾ, ഉപവാസം മങ്ങുന്നു. ഉപവാസം "ഉള്ളിൽ" ഇല്ല. ഉപവസിക്കുന്നത് പ്രയാസമുള്ള കാര്യമാണ്; ശരിയായ കാരണങ്ങൾക്കായി ഉപവസിക്കുന്നതും പ്രയാസമുള്ളതാണ്. യെഹൂദാ ജനത്തിന്റെ ഉപവാസത്തെ ദൈവം കുറ്റപ്പെടുത്തിയിരുന്നു (യെശയ്യാവ് 58). യേശു കാപട്യത്തെ കുറ്റപ്പെടുത്തി (മത്തായി 6). ഉപവാസം നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കേതിനുള്ളതാണെന്ന് കരുതരുത്.

ഉദാരമതികൾ ഇന്ന് ഉപവാസത്തിൽ "കടന്നിരിക്കുന്നു" - എന്നാൽ ഗൗരവമായതല്ല താനും (നാല്പതു ദിവസം). ആത്മീയത ഭക്തിപ്രദർശനമാകരുത്; അതൊരു പുതുമയുള്ള, ഭ്രമമായി തരം താഴ്ത്തരുത്. തിരുവെഴുത്തിലെ ഉപവാസം രഹസ്യത്തിലുള്ളതായിരുന്നു. അതു പ്രത്യേക കാരണത്തിനു വേിയുള്ള പ്രത്യേക സമയമായിരുന്നു. പ്രാർത്ഥന യെയും തിരുവചന ധ്യാനത്തെയും പോലെ, അതു പൊതുവായതോ ദിവസേനയുള്ളതോ ആയിരുന്നില്ല. സ്വയ-നിന്ത്രണത്തിന് ഉള്ള ദൈവത്തിന്റെ പരിശീലനമാണ് ഉപവാസം. ശ്രേഷ്ഠമായ ഒന്നിനുവേി നല്ലതായ ചിലത് നാം ഉപേക്ഷിക്കുന്നു (1 കൊരിന്ത്യർ 7:1-5). ഉയർന്ന അനുസരണ പ്രവൃത്തിയാണ് ഉപവാസം. അത് പരിശീലനത്തിൽ സ്വയം-ത്യജിക്കലാണ്.

വിരുന്നിന് ഒരു സമയമു്, ഉപവാസത്തിനും ഒരു സമയമു്. *ര ു ം* ചെയ്യുക! നിങ്ങൾ ഒരിക്കൽ മാത്രമാണ് വളർന്നുപ്രായമാകുന്നത് – *ശക്തി പൂർത്തിയാക്കുക!*

**************

# സ്വർഗ്ഗം
## കൊലൊസ്യർ 3:1 – 4

> "കാണുന്നതിനെയല്ല, കാണാത്തതിനെയത്രെ നിങ്ങൾ നോക്കിക്കൊ രിക്കുന്നു; കാണുന്നത് താല്ക്കാലികം, കാണാത്തതോ നിത്യം"; "കൂടാ രമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ, കൈപ്പണിയല്ലാത്ത നിത്യഭവനമായി, ദൈവത്തിന്റെ ദാനമായോരു കെട്ടിടം, ഞങ്ങൾക്കു സ്വർഗ്ഗത്തിലുന്നെ് അറിയുന്നു" *(2 കൊരിന്ത്യർ 4:18; 5:1).*

സ്വർഗ്ഗം! എന്നെ സംബന്ധിച്ച്, അവിശ്വസനീയവും അത്ഭുതകരവുമായ സത്യം എന്തെന്നാൽ ചാൾസ് ഹോഡ്ജ് (നിങ്ങളും) സ്വർഗ്ഗത്തിൽ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതാണ്! "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടേണ"മെന്നാണ് ദൈവം ഇച്ഛിക്കുന്നത് (2 പത്രൊസ് 3:9); അവൻ "സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" (1 തിമൊഥെയൊസ് 2:4). *എന്തു കൊ്?* നാം സ്വർഗ്ഗത്തിനുള്ളവരല്ല; നമുക്കതിനു യോഗ്യതയുമില്ല. ദൈവത്തെ കുകൊു ഒരു മനുഷ്യനും ജീവിക്കുവാനും സാധ്യമല്ല. എന്നിരുന്നാലും, ക്രിസ്തുവിൽ – ക്രിസ്തു കാരണം – നാം ദൈവത്തിന്റെ സന്നിധിയിൽ തന്നെ എത്തും! ദാവീദിനെ പോലെ, നമുക്കും ആ പരിജ്ഞാനം മനോഹരമാണെന്ന് ഞാൻ കാണുന്നു (സങ്കീർത്തനങ്ങൾ 139:6). നാം ദൈവമാകുകയില്ല, എന്നാൽ നമ്മെ ദൈവം സ്വാഗതം ചെയ്യും. നമ്മുടെ പരിമിതമായ അറിവിന് ഇത് മനസ്സിലാക്കുവാൻ പ്രയാസമാണ്; നമ്മുടെ അക്ഷരമാലക്ക് അത് അറിയിക്കുവാൻ കഴിയുകയുമില്ല. ഇത് ആഹ്ലാദകരമാണ് ... താഴ്ത്തുന്നതുമാണ്. *അത്ഭുതകരമായ കൃപ! ദൈവത്തിനു മാത്രം മഹത്വമുാകട്ടെ!*

### നാം സ്വർഗ്ഗത്തിലേക്ക് പോകുവാൻ ആഗ്രഹിക്കണം

ദൈവത്തോടൊപ്പം നമ്മുടെ ദിവസേനയുള്ള നടപ്പ് സ്വർഗ്ഗത്തിൽ മാത്രമാണവസാനിക്കുന്നത്! ജീവിതശേഷമുള്ളത് രാം ചിന്തയാകരുത്. ആരും യാദൃശ്ചികമായി ഒരുദിവസം സ്വർഗ്ഗത്തിൽ എഴുന്നേൽക്കുന്നില്ല. ആരോ ഒരാൾ തമാശയായി പറഞ്ഞു, "എല്ലാവരും സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നു്, പക്ഷെ ആരും മരിക്കുവാൻ ആഗ്രഹിക്കുന്നില്ല." അതുകൊ്, നമ്മുടെ പ്രസ്താവന തിരുത്തണം: "ഭൂമിയിലുള്ള മറ്റെന്തിനെക്കാളും നിങ്ങൾ സ്വർഗ്ഗത്തിൽ പോകുവാനാണ് ആഗ്രഹിക്കേത്." അതാണ് വെല്ലുവിളി! പ്രാരംഭ സഭ സ്വർഗ്ഗവുമായുള്ള ബന്ധത്തിൽ പൂർണ്ണമായും ഏർപ്പെട്ടിരുന്നുവെങ്കിലും, സ്വർഗ്ഗത്തെ കുറിച്ചുള്ള ഉപദേശമാണ് ഇന്ന് ഏറ്റവുമധികം അവഗണിക്കപ്പെട്ടിരിക്കുന്നത്.

സ്വർഗ്ഗത്തെ കുറിച്ചുള്ള നമ്മുടെ ആശയത്തിന്റെ കാര്യമായാലും നമ്മുടെ ദിവസേനയുള്ള നടപ്പിന്റെ കാര്യമായാലും – ഈ അവസ്ഥ പ്രധാനപ്പെട്ടതാണ്. നമ്മെ സ്വർഗ്ഗത്തിലേക്ക് കൊുപോകുന്നതല്ല പ്രശ്നം, നമ്മിലേക്ക് സ്വർഗ്ഗം കൊുവരുന്നതാണ്!

*ടൈം* മാഗസീന്റെ ഒരു ലക്കത്തിലെ പൊതുലേഖനത്തിലും പുറം ചട്ട യിലും ഈ വിഷയത്തിനു ഊന്നൽ നൽകി, ചോദിക്കയുായി, "സ്വർഗ്ഗ ത്തിന് എന്തു സംഭവിച്ചു?"[2] മതം "മുന്നിൽ" തന്നെയാണ്; എന്നാൽ ആത്മീ യത ഇന്ന് പിന്നിലായിരിക്കുന്നു. എങ്ങനെയായാലും, സ്വർഗ്ഗത്തെക്കുറിച്ചുള്ള സംസാരമില്ല. നാം സംസാരിക്കുന്നത് കായികവിനോദത്തെ കുറിച്ചും, കാലാ വസ്ഥയെ കുറിച്ചും, ഷെയർ മാർക്കറ്റിനെ കുറിച്ചുമാണ് – എന്നാൽ സ്വർഗ്ഗത്തെ കുറിച്ചല്ല. ദൂതന്മാർ "അകത്ത്" ു്; എന്നാൽ അവരുടെ ഭവനം ആയ, "സ്വർഗ്ഗം," പുറത്താണ്. എബ്രായ ഭാഷയിൽ "ദൂതൻ" എന്നതിനുള്ള വാക്ക് അർത്ഥ മാക്കുന്നത് "സന്ദേശവാഹകൻ" എന്നാണ്. അവരെ അയച്ച ദൈവ ത്തിൽ അഗാധമായ താൽപര്യം ഇല്ലാതെ എങ്ങനെ നമുക്ക് ദൂതന്മാരിൽ താൽപ ര്യമുാകും? *ടൈം* മാസിക നമ്മുടെ കാപട്യത്തെ കുറ്റപ്പെടുത്തുന്നു.

നമ്മുടെ മതപരമായ താല്പര്യം തിരുവെഴുത്തിലും സത്യത്തിലും അടി സ്ഥാനപ്പെടുത്തുന്നതിനേക്കാൾ അജ്ഞതയിലും അന്ധവിശ്വാസത്തിലുമാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ആളുകൾ തങ്ങളുടെ ചുമലുകളിൽ "രക്ഷ കർത്താക്കളായ ദൂതന്മാരെ" ധരിക്കുകയും "പ്രാർ ത്ഥനാ ചരടുകൾ" കൈകളിൽ കെട്ടുകയും ചെയ്യുന്നു, എന്നാൽ അവരുടെ ജീവിതം മാറാതെ തന്നെ ഇരിക്കുന്നു. ആളുകൾ ആഴത്തിലുള്ള വിശ്വാസത്തെക്കാൾ ആഗ്രഹിക്കുന്നത് അടിസ്ഥാനരഹിതമായ ഊഹാ പോഹങ്ങളെയാണ്. *ടൈം* മാസികയിൽ വന്ന പ്രസ്താവനയെ നാം കണക്കിലെടുക്കണം! സ്വർഗ്ഗത്തെ കുറിച്ചു ഓർക്കാതെയാണ് ഏറ്റവും വിശ്വസ്തരായ ക്രിസ്ത്യാനികൾ കൂടി വന്ന് കൂട്ടായ്മ ആസ്വദിക്കുന്നത്. നമുക്കതിനെ നേരിടാം: നാം "വീടുവിട്ട ദുഃഖത്താൽ" കഴിയുന്നില്ല. ഭൂമിയിൽ നമുക്ക് ധാരാളം നിക്ഷേപമു്. നമുക്ക് ജീവിക്കുവാൻ *വേതു* ധാരാളമു് എന്നാൽ ജീവിക്കുവാൻ *വേ1* മതി യായത്ര ഇല്ലതാനും. നമുക്ക് വേതെല്ലാം ഇവിടെയാണെങ്കിൽ, അതു വിട്ടു കളയുവാൻ പ്രയാസമായിരിക്കും.

സ്വർഗ്ഗത്തെ കുറിച്ചുള്ള പാട്ടുകൾ കുറവും മനസ്സിനെ തൊട്ടുണർ ത്തുന്നതുമാണ്. ദരിദ്രരും പുറജാതിക്കാരും മാത്രമേ സ്വർഗ്ഗത്തെ കുറിച്ച് പാട്ടു കൾ എഴുതി പാടാറുള്ളൂ. വിജയിക്കുന്ന ആളുകൾ വിചാരിക്കുന്നത് അവർ ഭൂമിയിൽവെച്ചു തന്നെ "അതു നേടി എടുത്തു" എന്നാണ്. ഞാൻ നന്നേ ചെറു പ്പമായിരുന്നപ്പോൾ, ഒരു പ്രസ്താവന വായിച്ചത് എന്നിൽ ഉറച്ചുനിന്നു: "ദിവസവും മുപ്പതുമിനിറ്റ് സ്വർഗ്ഗത്തെ കുറിച്ചു വിചാരിക്കുക." ഞാൻ ചെറു പ്പമായിരുന്നപ്പോൾ, എനിക്കതു മനസ്സിലായില്ല; ഇപ്പോൾ പ്രായമായതുകൊ ്, എനിക്ക് കൂടുതൽ കൂടുതൽ മനസ്സിലാകുന്നു. "നിങ്ങളുടെ കൂടാരത്തിന്റെ കുറ്റികൾ ആഴത്തിൽ അടിക്കരുത്!" പ്രാരംഭ സഭ കൂടിവന്ന്, ഉച്ചത്തിൽ പ്രാർത്ഥിച്ചു, "മറനാതാ!" ("കർത്താവായ യേശുവേ, വരേണമേ!"). പുതിയ നിയമം അവസാനിക്കുന്നത്, "ആമേൻ. കർത്താവായ യേശുവേ, വരേണമേ" എന്നാണ് (വെളിപ്പാടു 22:20). എവിടെയാണോ ഭാവിയെ കുറിച്ച് പ്രത്യാശയി ല്ലാത്തത്, അവിടെ വർത്തമാനകാലത്തിന് ഒരു ശക്തിയുമുാവില്ല. നമ്മെ സ്വർഗ്ഗത്തിലേക്ക് കൊുപോകുന്നതല്ല പ്രശ്നം, എന്നാൽ സ്വർഗ്ഗം നമ്മി

ലേക്കു കൊുവരുന്നതാണ്.

### ഞാൻ നരകത്തിലേക്കു പോകുവാൻ ഇഷ്ടപ്പെടാത്തതുകൊ് - സ്വർഗ്ഗത്തിലേക്കു പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു

ആളുകൾ നാലക്ഷരമുള്ള വാക്കായ "നരകം" എന്നു കേൾക്കുമ്പോൾ വായ് പിളർക്കും. നമ്മുടെ സംസ്ക്കാരത്തിൽ "ഇല്ല-ഇല്ല" എന്നു പറയാവുന്ന, പുറത്താക്കപ്പെട്ട വാക്കാണ് അത്. അതെ, അതിപ്പോഴും ഒരു ശാപ-വാക്കാണ്, എന്നാൽ യഥാർത്ഥ നരകത്തിന്റെ ആശയം നമ്മുടെ ആധുനിക സമൂഹത്തിനു വളരെ പ്രാചീനമാണ്. കോപം, ന്യായവിധി, ഉത്തരവാദിത്വം എന്നിവ "പുറത്താണ്." "പ്രയാസമുള്ള പ്രസംഗം" ഇന്നു "പുറത്ത്" ആയിരിക്കുന്നു. എങ്ങനെയായാലും, സ്വർഗവും നരകവും ഒന്നുകിൽ ഒന്നിച്ചു നിൽക്കും അല്ലെങ്കിൽ ഒന്നിച്ചു ഇല്ലാതാകും; ഒന്നു മറ്റൊന്നിനെ ആവശ്യപ്പെടുന്നു. ആളുകൾ എന്തൊക്കെ പറഞ്ഞാലും, "നരകം" ഇപ്പോഴും ബൈബിളിലു്. നരക ത്തെ കുറിച്ചുള്ള പ്രസംഗങ്ങൾ പലപ്പോഴും അനുവദനീയമല്ല, സ്വർഗത്തെകുറിച്ചാണെങ്കിൽ കുറച്ചു പ്രസംഗങ്ങൾ മാത്രമാണുള്ളത്. എന്നിരുന്നാലും, 550 വാക്യങ്ങളിൽ (കെജെവി) 582 സൂചനകൾ സ്വർഗ്ഗത്തെ സൂചിപ്പിച്ചു ഉപയോഗിച്ചിരിക്കുന്നു. ക്രിസ്ത്യാനികൾക്കിടയിൽ പോലും, സ്വർഗത്തോടു താൽപര്യം കുറഞ്ഞുവരുവാൻ കാരണം എന്താണ്? അതു ഭൂമിയിലെ ജീവിതം അത്ര സുഖകരമായതുകൊാണോ?

"നരകം" എന്ന വാക്ക് ഇപ്പോഴും തിരുവെഴുത്തുകളിലു്. യേശു വിശ്വസിച്ചിരുന്നതും പഠിപ്പിച്ചിരുന്നതും നിഷേധിച്ചുകൊ് നിങ്ങൾക്ക് അവനെ വിശ്വസിക്കുവാൻ കഴിയുമോ? യേശു നരകത്തിൽ വിശ്വസിച്ചിരുന്നു; എല്ലാ ബൈബിൾ എഴുത്തുകാരെക്കാളും കൂടുതലായി യേശു നരകത്തെ കുറിച്ചു പഠിപ്പിച്ചിട്ടു്. കെജെവിയിൽ "നരകം" എന്നത് പല വിധത്തിൽ ഉപയോഗിച്ചിട്ടു്, അർത്ഥം "മരണം," "പാതാളം," "യാതനാസ്ഥലം" എന്നിവയാണ്. എങ്ങനെയായാലും, "നരകാഗ്നി" എന്നതിനുള്ള പ്രത്യേക വാക്ക് പുതിയനിയമത്തിൽ പന്ത്രുപ്രാവശ്യം കാണുന്നു്. ആ പന്ത്രുപ്രാവശ്യങ്ങളിൽ പതിനൊന്നു പ്രാവശ്യവും യേശു ഉപയോഗിച്ചതാണ്! (വായിക്കുക മത്തായി 5:22; 10:28; 18:9; 23:33.) നരകം എന്നത് ഗൗരവമുള്ള ഒന്നാണ്: നിങ്ങൾ നരകത്തിൽ പോയേക്കാം; ഞാനും നരകത്തിൽ പോയേക്കാം.

ആധുനിക സംസ്കാരം ഒരുപോലെ എല്ലാവരും രക്ഷിക്കപ്പെടും എന്ന സിദ്ധാന്തം വിശ്വസിച്ചിരിക്കുന്നു (എല്ലാവരും രക്ഷിക്കപ്പെടും എന്ന ആശയം). സാർവ്വത്രികസിദ്ധാന്തം പ്രഖ്യാപിക്കുന്നത്, "ദൈവം നല്ലവനായതുകൊ് നിങ്ങളെ നരകത്തിലേക്ക് അയക്കുന്നില്ല. നിങ്ങൾ നല്ലവരായതുകൊ് നരകത്തിൽ പോവുകയുമില്ല" എന്നാണ്. ഈ പ്രസ്താവന തെറ്റാണെന്നു മാത്രമല്ല, അതു ദൈവദൂഷണവുമാണ്. "മതിയായത്ര നല്ലത്" ഒരിക്കലും ഉാകുന്നില്ല. എന്റെ ജീവിതത്തിന്റെ 99.999999999 ... ശതമാനത്തോളം ഞാൻ കല്ലറക്കപ്പുറം ജീവിക്കുന്നതിനാൽ, മരിക്കുന്നതിനുമുൻപ് ഞാൻ എവിടെ പോകുമെന്ന് അറിയാൻ എനിക്കാഗ്രഹമു്! ഭൂമിയിൽ, നിങ്ങൾ എന്താണ്, സ്വർഗ്ഗത്തിനുവേി ചെയ്യുന്നത്? നരകത്തിൽ പോകുവാൻ എനിക്ക് ആഗ്രഹമില്ലാത്തതുകൊാണ് സ്വർഗ്ഗത്തിൽ പോകുവാൻ ഞാൻ ആഗ്രഹിക്കുന്നത്!

## സ്വർഗ്ഗമില്ലാതെ - ഭൂമിക്ക് ഒരർത്ഥവുമില്ല

സ്തെഫാനോസിന്റെ ക്രിസ്തീയ പക്വത നമ്മെ ആവേശപ്പെടുത്തുന്നു ്. ക്രിസ്തു ചെയ്തതുപോലെ ആദ്യ ക്രിസ്തീയ രക്തസാക്ഷിയും തന്റെ ശത്രുക്കളോട് ക്ഷമിച്ചു (പ്രവൃത്തികൾ 7:60). എന്തൊരു വിശ്വാസം! എന്തൊരു ധൈര്യം! അവന് എങ്ങനെ അതിനു കഴിഞ്ഞു? “അവനോ പരിശുദ്ധാത്മാവ് നിറഞ്ഞവനായി, സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി ദൈവമഹത്വവും, ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നിൽക്കുന്നതും കു” (പ്രവൃത്തികൾ 7:55). നമ്മുടെ ഹൃദയങ്ങളിൽ സ്വർഗ്ഗമുങ്കെിൽ മാത്രമേ ഭൂമിയുമായുള്ള നമ്മുടെ കാഴ്ച്ചപ്പാട് ശരിയാവുകയുള്ളൂ. പത്തു സെക്കന്റെങ്കിലും നമുക്ക് സ്വർഗ്ഗത്തെ കാണുവാൻ കഴിഞ്ഞാൽ, ഭൂമി പിന്നെ ഒരിക്കലും പ്രശ്നമാവുകയില്ല (2 കൊരിന്ത്യർ 4:16-18).

ഒരു വ്യക്തിയെ കുറിച്ചു ഇപ്രകാരം പറഞ്ഞു ഞാൻ കേട്ടിട്ടു്, “ഭൂമിയിൽ യാതൊരു വിലയുമില്ലാത്തവണ്ണം അയാൾ തന്റെ മനസ്സിനെ ദൈവീക-മനസ്സാക്കി മാറ്റിയിരിക്കുന്നു.” ദൈവീക-മനസ്സിനെ ഒരിക്കലും ബാലിശമായ ആശയവുമായി അല്ലെങ്കിൽ അർത്ഥമില്ലാത്ത ആശയ വുമായി തെറ്റിദ്ധരിക്കരുത്. നിങ്ങൾക്ക് കൂടുതൽ ദൈവീക-മനസ്സുള്ളവർ ആകുവാൻ കഴിയുകയില്ല! ദൈവീക-മനസ്സുാക്കുക എന്നത് ഭൂമിയിലെ ഏറ്റവും പ്രായോഗികമായ ഒന്നാണ്. ലോകപ്രകാരമുള്ള ക്രിസ്ത്യാനികൾക്കിടയിൽ, പലപ്പോഴും പറഞ്ഞുകേൾക്കാറുള്ളത്, “അയാൾ വളരെ ലൗകിക-മനസ്സുള്ളവനാകയാൽ അവനിൽ ദൈവീക നന്മ ഒട്ടുമില്ല.” യേശു ദൈവീക-മനസ്സുള്ളവനായിരുന്നു. ഭൂമിയെ കൈകാര്യം ചെയ്യുവാൻ സ്തെഫാനോസ് സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി. തന്റെ എല്ലാ സമ്പാദ്യങ്ങളും ചവറാണെന്ന് പൗലൊസ് എണ്ണി (ഫിലിപ്പിയർ 3:7, 8).

നമ്മുടെ വ്യക്തിപരമായ വിശ്വാസത്തെ[3] കുറിച്ച് ഒരു ചെറിയ പ്രസ്താവന എഴുതുവാൻ, നമ്മുടെ പ്രിയ സഹോദരനായ ലാനി ഹെനിഞ്ചർ മരിക്കുന്നതിനു പല വർഷങ്ങൾക്കുമുൻപ് ഒരു ചർച്ച് ബുള്ളറ്റിനിൽ വന്ന ലേഖനത്തിൽ നമുക്കൊരു വെല്ലുവിളി നൽകിയിട്ടു്. നിങ്ങൾ എവിടെ ആരംഭിക്കും? നിങ്ങൾ എന്ത് ഉൾപ്പെടുത്തും? ഏതാനും ദിവസത്തേക്ക് ഇതിനെ കുറിച്ചു ചിന്തിക്കുവാനും, പിന്നെ നമ്മുടെ ഹൃദയങ്ങളുടെ അടിത്തട്ടിൽ കിടക്കുന്ന ചെറിയ കാര്യങ്ങൾ എഴുതുവാനും അദ്ദേഹം നമുക്കു വെല്ലുവിളി നൽകുന്നു. പിന്നെ കുറച്ചുനേരം കഴിഞ്ഞ് അതു ക്രമപ്പെടുത്തി വീും-വായിക്കുവാനും, തിരുത്തുവാനും, മാറ്റം വരുത്തുവാനും ആവശ്യപ്പെടുന്നു. സ്വർഗ്ഗം ഇല്ലെങ്കിൽ, ഭൂമിക്ക് ഒരർത്ഥവുമില്ല.

## സ്വർഗ്ഗമൊരു സ്ഥലമാണ് - എങ്കിലും ഒരു സ്ഥലത്തെക്കാളും, വ്യക്തിയെക്കാളും ഉപരിയാണ്

പ്രതീക്ഷകളെ കവിയുന്ന അനുഭവങ്ങൾ ഉള്ള ഏക സ്ഥലമാണ് സ്വർഗ്ഗം. നമ്മുടെ സംഭവങ്ങളും പ്രവർത്തനങ്ങളിൽ നിന്നുള്ള വിശ്ര മവും അധികവും പ്രത്യാശാരഹിതമായ അവസാനത്തെയാണ് കാണി ക്കുന്നത്. എല്ലാ പ്രതീക്ഷകൾക്കും ശേഷം, നാം എത്തിച്ചേരുന്നത് മിക്കവയിലും നിരാശ അനുഭവപ്പെട്ടുകൊാണ്. സ്വർഗ്ഗം നിരാശപ്പെടുത്തുകയില്ല! നാം സ്വർഗ്ഗത്തെ വില കുറച്ചു കാണരുത്. അത് സ്വർഗ്ഗീയ സുഖവാസത്തെക്കാൾ അധികമാണ്. സ്വർഗ്ഗത്തിലെ മുഖ്യ ശുശ്രൂഷ ആരാധനയാണ്. സ്വർഗ്ഗീയ മഹിമകളെ പ്രതിനിധീകരിക്കുവാൻ മതിയായ ഒന്ന് ഭൂമിയിൽ ഇല്ല. ചിലർ സ്വർഗ്ഗീയ ദൈവ

ത്തെക്കാൾ കൂടുതൽ ആഗ്രഹിക്കുന്നത് സ്വർഗ്ഗത്തിലെ "സ്വർണ്ണത്തെ" ആണ്! ഒരു സ്വർണ്ണവീഥികൊുള്ള ഉപയോഗം എന്തായിരിക്കും? ദൈവം പറയുന്നത് മനുഷ്യൻ വിലകല്പിക്കാത്തത് സ്വർഗ്ഗത്തിന് താറാണ് എന്നത്രെ. മുത്തുപതിച്ച വാതിലും ലോഹനിർമ്മിതമായ മതിലുകളുമോ? നമ്മുടെ ഏറ്റവും നല്ല മുത്തുകൾ ഉപയോഗിച്ചിരിക്കുന്നത് മതിലുകൾക്കും വാതിലുക ൾക്കും മാത്രമായിട്ടാണ്. അതിന്റെ മഹത്വം മനുഷ്യന് ഊഹിക്കാൻ കഴിയുന്നതല്ല. അത് മനോഹരവും, സമാധാനപ്രദവും, സുന്ദരവുമാണ്! നാം എന്തിനുവേയാണ് നോക്കിപാർത്തിരിക്കേത് എന്നു നാം അറിയണം; നാം വാസ്തവത്തിൽ അതിനുവേി കാത്തിരിക്കണം. ഈ ഭൂമി നമ്മുടെ ഭവനമല്ല. നാം തീർത്ഥാടക-രെന്നും, പരദേശികളെന്നും, യാത്രക്കാരെന്നും, ഭൂമിയിൽ വിദേശീയരാണെന്നും ദിവസേന നാം ഓർക്കണം.

ഒരു സ്ഥാനം എന്നതിനേക്കാൾ, സ്വർഗ്ഗം ഒരു സാന്നിദ്ധ്യമാണ്. ദൈവസാന്നിദ്ധ്യമാണ് സ്വർഗ്ഗത്തിന്റെ തേജസ്. ഭൂമിയിലെ മനുഷ്യന് ദൈവത്തെക് ജീവിക്കുവാൻ സാധ്യമല്ല. സ്വർഗ്ഗത്തിൽ നമുക്കു ജീവിച്ചുകൊുതന്നെ, ദൈവത്തെ കാണുവാനും ദൈവത്തോടുകൂടെ ആയിരിപ്പാനും കഴിയും! അക്ഷരീകമായി ദൈവസാന്നിദ്ധ്യത്തിൽ നിന്നു വരുന്നതാണ് സ്വർഗ്ഗീയ സന്തോഷം - അവൻ സർവ്വശക്തനും, സർവ്വവ്യാപിയും, മാറാത്തവനും, നിത്യനും, പരമോന്നതനും, പരിശുദ്ധനുമായ ദൈവമാണ്! നാം അവന്റെ ജനമായിരിക്കും; അവൻ നമ്മുടെ ദൈവമായിരിക്കും (വെളിപ്പാടു 21:1-3).

ഒരു സ്ഥലം എന്നതിനെക്കാൾ, സ്വർഗ്ഗം ഒരു വ്യക്തിയാണ്. യേശു, എന്റെ കർത്താവ്, അവിടെ ഉായിരിക്കും. അവിടെ ആലയമില്ല, കാരണം ദൈവവും കുഞ്ഞാടുമാണ് ആലയം (വെളിപ്പാടു 21:22). കുഞ്ഞാടു വെളിച്ചവുമാണ് (വെളിപ്പാടു 21:23; കെജെവി). ആരോ പറഞ്ഞു, "മനുഷ്യർ ചെയ്തതായി സ്വർഗ്ഗത്തിൽ കാണാവുന്ന ഏക കാര്യം യേശുവിൽ ഏൽപ്പിച്ച മുറിവുകളാണ്." അവതാരത്തിൽ, ദൈവം യേശുവിൽ മനുഷ്യവർഗ്ഗത്തോടുചേർന്നു (യോഹന്നാൻ 1:14; എബ്രായർ 2:16-18; 4:14-16). യേശു സ്വർഗ്ഗത്തിലേക്കുപോയത് അവൻ ഭൂമിയിലേക്ക് വരുന്നതിനുമുൻപുായിരുന്നതുപോലെ ആയിരുന്നില്ല. അവൻ പഴയതിലേക്കു മാറുക അല്ല, ഉയർത്തെഴുന്നേൽക്കുകയായിരുന്നു. നാം ദൈവമല്ല. യേശു പോയതുപോലെയാണ് തിരിച്ചുവരുന്ന തെങ്കിൽ, മനുഷ്യവർഗ്ഗത്തിന് ഒരു പ്രത്യാശയുമുാവില്ല. അവതാരത്തിൽ, യേശു നിത്യമായും മനുഷ്യവർഗ്ഗത്തോടു ചേർന്നു. അവന്റെ ഉയർത്തെഴുന്നേൽപ്പുമൂലം, നമുക്ക് ഉയർത്തെഴുന്നേൽപ്പ് ഉറപ്പിച്ചിരിക്കുന്നു (യോഹന്നാൻ 11:25, 26; റോമർ 6:5; പ്രവൃത്തികൾ 2:32; 1 പത്രൊസ് 1:3; 1 കൊരിന്ത്യർ 15:1-3, 14, 17, 19, 20-23; റോമർ 8:23).

മനുഷ്യനെ ദൈവത്തിനുവേയും, സ്വർഗ്ഗത്തിനുവേയും ആയിരുന്നു സൃഷ്ടിച്ചത്. സ്വർഗ്ഗം ഭവനമാണ്! നാം ഇവിടത്തേക്കുള്ളവരല്ലെങ്കിലും, ക്രിസ്ത്യാനിത്വം ജീവിക്കുന്നത് ഭൂമിയിൽ മാത്രമാണ്. സ്വർഗ്ഗം ഭൂമിയിൽ വെച്ച് ലഭിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യാം. ഇപ്പോൾ നമുക്ക് ജീവിതം ഇല്ലെങ്കിൽ, പിന്നെ ഒരു ജീവിതം ഉാകയില്ല. ദൈവം *നമ്മെ* ഒരുക്കുന്നത് അവൻ നമുക്കായി ഒരുക്കിക്കൊിരിക്കുന്നതിനു*േവ ി*യാണ്. ജീവിതത്തിൽ എന്റെ പ്രായത്തിൽ, ഞാൻ നഷ്ടപ്പെടുത്തുവാനാണ് അധികവും സ്വർഗ്ഗത്തിൽ നിക്ഷേപിച്ചിരുന്നത്. എന്റെ ബാല്യകാലം മുതൽ, ഞാൻ ആഗ്രഹിച്ചത് ബൈബിളിലെ എന്റെ നായകന്മാരെ കാണുവാനാണ്. ഇപ്പോഴും എനിക്ക് അങ്ങനെ തന്നെ. വർഷങ്ങളോളം, ഈ ഭൂമിയിൽ ജീവിച്ച വലിയ വിശുദ്ധന്മാർ എന്നെ

അനുഗ്രഹിച്ചിട്ടു്. ദിവസേന, മരണത്താൽ, എന്റെ നിക്ഷേപം വർദ്ധിച്ചുവരുന്നു. എനിക്ക് വീട്ടിൽ പോകുവാനാണാഗ്രഹം! അതെന്തൊരു പുന-സമാഗമനം ആയിരിക്കും!

സ്വർഗ്ഗത്തിൽ നാം അന്യോന്യം തിരിച്ചറിയുമോ? *ഉവ്വ്!* എങ്ങനെ നാം അന്യോന്യം തിരിച്ചറിയാതിരിക്കും? നമ്മൾ വെറും സംഖ്യകളായിരിക്കയില്ല! അന്യോന്യം ആരും തിരിച്ചറിയാതിരുന്നാൽ എന്തൊരു അലങ്കോലമായി തീരും സ്വർഗ്ഗം! "നിങ്ങൾ ആരാണ്?" "എനിക്ക് അറിയില്ല." നിങ്ങൾക്കുമറ്റുള്ളവരെ അറിയാൻ കഴിയുകയില്ലെങ്കിൽ, നിങ്ങ ൾക്ക് നിങ്ങളെയും അറിയുവാൻ കഴിയുകയില്ല! ആരംഭത്തിൽ, ദൈവം അല്ലെങ്കിൽ മനുഷ്യൻ എല്ലാറ്റിനും പേരിട്ടു. ദൈവം പിതാവാണ്; യേശു പുത്രനാണ്. ദൂതന്മാർക്കുപേരു്. യേശുവിനെ മോശെയും ഏലിയാവും തിരിച്ചറിഞ്ഞു (മത്തായി 17:3–5). നമുക്ക് ഒരിക്കലും നമ്മിൽ നിന്ന് അകലുവാൻ കഴിയുകയില്ല. ഞാൻ എപ്പോഴും ഹോഡ്ജ് എന്ന വ്യക്തി മാത്രമായിരിക്കും. സത്യമെന്തെന്നാൽ നമ്മെയും മറ്റുള്ളവരെയും സ്വർഗ്ഗത്തിലെത്തുന്നതുവരെ നാം വാസ്തവത്തിൽ അറിയുകയില്ല എന്നുള്ളതാണ്!

**സ്വർഗ്ഗം എനിക്കാണ്**

നാം പോകുന്ന ഒരു സ്ഥലം മാത്രമല്ല സ്വർഗ്ഗം, നാം ആയിരിക്കുന്ന സ്ഥലമാണ് അത്. ഞാൻ ക്ഷീണിച്ചു. അറുപത്തിയെട്ടു വർഷത്തോളം ഞാൻ എന്നെ നിലനിർത്തി. ഞാൻ ദിവസവും പാപം ചെയ്യുകയും കുറവുള്ളവനാകുകയും ചെയ്തു. "ആത്മാവ് ഒരുക്കമുള്ളത്, എന്നാൽ ജഡം ബലഹീനമത്രെ" (മത്തായി 26:41). ഞാൻ ക്ഷീണത്താൽ ക്ഷീണിച്ചിരിക്കുന്നു. യേശുവിനെ പോലെ ആകുവാൻ ഞാൻ വളരെ പ്രയാസപ്പെട്ടു, എന്നിട്ടും ഞാൻ ഭയങ്കരമായി പരാജയപ്പെട്ടു. സ്വർഗ്ഗം അതിനെ മാറ്റും, കാരണം സ്വർഗ്ഗം *എന്നെ* മാറ്റും! *ഹല്ലേലൂയ്യാ!* "... അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്ന താകകൊ്, അവനോടു സദൃശന്മാർ ആകും എന്നു നാം അറി യുന്നു" (1 യോഹന്നാൻ 3:2). *ദൈവത്തിനുതന്നെ മഹത്വമുാകുമാറാ കട്ടെ!*

നാം സ്വർഗ്ഗത്തിൽ എത്തുന്നതിനുമുൻപ് സ്വർഗ്ഗം നമ്മിൽ എത്തുന്നു.
വിശ്വാസി സ്വർഗ്ഗത്തിലെത്തുന്നതിനുമുൻപ് സ്വർഗ്ഗം വിശ്വാസിയിൽ
വരുന്നു.
ഞാൻ യേശുവാകയില്ല, എന്നാൽ ഞാൻ അവനെ പോലെ
ആകും.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പുകൾ

[1]വില്യം കോപെർ, "ഗോഡ് മൂവ്സ് ഇൻ എ മിസ്റ്റീരിയസ് വേ," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്,* കോമ്പ്. ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ളിഷിങ് കമ്പനി., 1994). [2]റിച്ചാർഡ് എൻ ഓസ്റ്റ്ലിങ് യെറ്റ് അൽ., "ഡസ് ഹേവൻ എക്സിസ്റ്റ്?" *ടൈം* (24 മാർച്ച് 1997), 70–78. [3]ലാനി ഹെന്നിഞ്ചർ, "റിഫ്ളെക്ഷൻസ്," *ഔട്ട്റീച്ച്*, യൂണിവേഴ്സിറ്റി അവെന്യൂ ചർച്ച് ഓഫ് ക്രൈസ്റ്റ്, ഓസ്റ്റിൻ, ടെക്സാസ് (28 ഒക്ടോബർ 1990).